I/159958/2024

“ഭരണഭാഷ – മാതൃഭാഷ”

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :02-05-2024
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സാമൂഹ്യ നീതി വകുപ്പ്- ഡയറക്ടറേറ്റ് - മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, ഉഷ്ണ തരംഗ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:

അത്യൂഷ്ണം, കാലവർഷം എന്നിവ മൂലമുള്ള ബുദ്ധിമുട്ടുകൾ അതിജീവിക്കുന്നതിനും സ്ഥാപനങ്ങളിലെ താമസക്കാർക്ക് ആവശ്യമായ സുരക്ഷ മുൻകരുതലുകൾ ഒരുക്കുന്നതിനും സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ നിർബന്ധമായും ശ്രദ്ധ ചെലുത്തുകയും താഴെ പറയുന്ന മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കേണ്ടതുമാണ്.

1. സ്ഥാപനങ്ങളിലെ താമസക്കാർക്ക് നിലവിലെ ഉഷ്ണതരംഗ സാഹചര്യത്തെ കുറിച്ച് ബോധവൽക്കരണം നൽകേണ്ടതാണ്.

2. എല്ലാ സ്ഥാപനങ്ങളിലും ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഉഷ്ണ കാലത്ത് ഉപയോഗിക്കാൻ ഉതകുന്ന തരത്തിലുള്ള വസ്ത്രങ്ങളുടെ ലഭ്യത ഉറപ്പ വരുത്തേണ്ടതാണ്.

4. സ്ഥാപനങ്ങളിലെ താമസക്കാർക്ക് നിർജ്ജലീകരണം തടയുന്നതിന് കഴിയുന്ന തരത്തിലുള്ള ഭക്ഷണം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം ORS സ്ഥാപനത്തിൽ കരുതേണ്ടതാണ്.

5. ആരോഗ്യ വകുപ്പുമായി ചേർന്ന് യഥാസമയം വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6. സ്ഥാപനങ്ങളിൽ ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

7. കൊതുക് നിവാരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ വെള്ളിയാഴ്ചകളിൽ ഡ്രൈ ഡേ ആചരിക്കേണ്ടതാണ്.

8. സ്ഥാപനങ്ങളിലെ കിണറുകൾ, കുളങ്ങൾ, ഓടകൾ എന്നിവയുടെ വൃത്തിയാക്കൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

9. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കാലാവസ്ഥാ വകുപ്പും പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ, സുരക്ഷാ മുൻകരുതൽ നിർദേശങ്ങൾ എന്നിവ പാലിക്കുന്നതിനുള്ള നിർദേശങ്ങൾ എല്ലാ ജീവനക്കാർക്കും നൽകേണ്ടതാണ്.

10. അത്യുഷ്ണം നിലനിൽക്കുന്ന സാഹചര്യത്തിൽ ഔട്ട് ഡോർ പരിപാടികൾ പരമാവധി

I/159958/2024

ഒഴിവാക്കേണ്ടതാണ്.

മേൽ നിർദേശങ്ങൾ സംസ്ഥാനത്തെ സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സർക്കാർ ക്ഷേമ സ്ഥാപനങ്ങളും RPWD രജിസ്ട്രേഷൻ ലഭ്യമായിട്ടുള്ള NGO ഭിന്നശേഷി സ്ഥാപനങ്ങളും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

**Signed by H Dineshan**
**Date: 02-05-2024 17:09:34**